## കുറ്റകൃത്യങ്ങൾക്ക് ഇരകളായവരുടെ ക്ഷേമം

# വിശ്വാസിന്റെ പ്രവർത്തനം ദേശീയ തലത്തിലേക്ക്

പാലക്കാട് • കുറ്റകൃത്യങ്ങളിൽ ഇരയായവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കു കലക്ടർ അധ്യക്ഷനായി ആരംഭിച്ച വിശ്വാസ് സംഘടനയുടെ പ്രവർത്തനം ദേശീയ തലത്തിലേക്കു വ്യാപിപ്പിക്കും.

വിശ്വാസ്ഇന്ത്യ രൂപീകരികരിച്ച് വിവിധ സംസ്ഥാനങ്ങളിൽ നിയമ, പരിശീലന, സഹായ പ്രവർത്തനങ്ങൾക്കു തുടക്കമിടാനാണു തീരുമാനം.

പൊലീസ്, നിയമരംഗത്തെ ദേശീയതലത്തിലുള്ള പ്രമുഖർ തുടങ്ങിയവർ പരിപാടിയുമായി സഹകരിക്കാൻ താൽപര്യം അറിയിച്ചിട്ടുണ്ട്. സംഘടനയുടെ വാർഷിക യോഗത്തിൽ പ്രസിഡന്റുകൂടിയായ കലക്ടർ ഡി.ബാലമുരളി അധ്യക്ഷനായി. വിശ്വാസ് അംഗവും പ്രമുഖ നിയമപണ്ഡിതനുമായിരുന്ന ഡോ. എൻ.ആർ.മാധവമേനോന്റെ സ്മരണാർഥം മികച്ച നിയമവിദ്യാർഥിക്ക് വാർഷിക പുരസ്കാരം നൽകും.

യോഗ്യമായ കേസുകൾ സമാവായത്തിലൂടെ തീർക്കുന്ന പ്ലീ ബാർഗനൈനിങ് എന്ന വിഷയത്തിൽ അഭിഭാഷകർ, നിയമവിദ്യാർഥികൾ, സാമൂഹിക പ്രവർത്തകർ, ജയിൽ അന്തേവാസികൾ എന്നിവർക്കു പരിശീലനം നൽകും.

ഫാക്ടറി അപകടത്തിൽ പരുക്കേറ്റ് ചിൽഡ്രൻസ് ഹോമിൽ കഴിയുന്ന യുപി സ്വദേശി റോഷന് ചികിത്സാസഹായം നൽകാനും തീരുമാനിച്ചു. സർക്കാർ അനുവദിച്ച അഗളി കോടതിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കാനും അസൗകര്യത്തിൽ വീർപ്പുമുട്ടുന്ന ഒലവക്കോട് കുടുംബകോടതി പുതിയ കെട്ടിടത്തിലേക്കു മാറ്റാനും ഹൈക്കോടതിയോട് അഭ്യർഥിക്കും.

വിശ്വാസ് സെക്രട്ടറി പി.പ്രേംനാഥ്, വൈസ് പ്രസിഡന്റുമാരായ വി.പി.കുര്യാക്കോസ്, എസ്.ശാന്താദേവി, പ്രഫ.സൗദാമിനി, കെ.സുധീർ, ആർ.ദേവീകൃപ, ഡോ. ജോസ്പോൾ, ഫാ. ജോർജ് പുത്തൻചിറ, ഡോ. കെ.ബീന, ദീപ ജയപ്രകാശ്, എൻ.രാഖി, ഡോ. തോമസ് ജോർജ്, കെ.പി.രാജി എന്നിവർ പ്രസംഗിച്ചു.